**FORTUNE**
IAS ACADEMY

# 10
# വിജയ ഗാഥകൾ

## പ്രചോദനത്തിന്റെ പാഠങ്ങൾ



SREEJA J S (AIR 57)



SREEDHANYA SURESH (IAS)



PARVATHY GOPAKUMAR (IAS)



SAFNA NAZARUDEEN (IAS)



DEVI NANDANA (IFS)



KIRAN P B (IPS)



MARINA VICTOR (IRS)



ANUSHA R CHANDRAN (IRS)



ANAND JUSTIN (IFOS)



JAYAN T (KAS)

# UPSC BEGINNERS **HAND BOOK**

FORTUNE IAS ACADEMY
MORE THAN JUST AN ACADEMY

## ആമുഖം (Preface)

കേരളത്തിൽ കൂടുതൽ വിദ്യാർത്ഥികൾ സിവിൽ സർവ്വീസ് ഒരു കരിയറായി തിരഞ്ഞെടുക്കുന്നു എന്നുള്ളത് അഭിനന്ദനാർഹമാണ്. രാജ്യത്തെയും ജനങ്ങളെയും സേവിക്കുന്നതിനൊപ്പം വ്യക്തിപരമായും ഔദ്യോഗികമായും വലിയ സംതൃപ്തി നൽകുന്ന ഒന്നാണ് ഇന്ത്യൻ സിവിൽ സർവീസ്.

ഈ ഉന്നത ലക്ഷ്യത്തിലേക്കുള്ള പ്രഥമ കാൽവെപ്പാണ് UPSC സിവിൽ സർവീസ് പരീക്ഷ. കഴിഞ്ഞ ഏതാനും വർഷങ്ങളായി ഈ പരീക്ഷാ രീതികളിൽ വലിയ മാറ്റങ്ങൾ വന്നിട്ടുണ്ടെങ്കിലും, ഈ പ്രക്രിയയുടെ ഏറ്റവും വലിയ പ്രത്യേകത അതിന്റെ സുതാര്യതയും നീതിയുക്തമായ സമീപനവുമാണ്. പശ്ചാത്തലങ്ങൾ എന്തു തന്നെയായാലും, ഇന്ത്യൻ ഭരണസംവിധാനത്തിന്റെ ഉന്നതപദവികളിൽ എത്തുവാൻ എല്ലാ ഉദ്യോഗാർത്ഥികൾക്കും ഈ പരീക്ഷ തുല്യവസരം നൽകുന്നു.

**സ്വപ്നങ്ങളിൽ നിന്നും റാങ്ക് പട്ടികയുടെ തിളക്കത്തിലേക്ക് നടന്നുകയറിയ പത്ത് പ്രതിഭകളുടെ ജീവിതം ഈ ഹാൻഡ് ബുക്കിന്റെ ആവേശമാണ്. തടസ്സങ്ങളെ അതിജീവിച്ച് വിജയഗാഥ രചിച്ച ഇവരുടെ യാത്രകൾ ഓരോ ഉദ്യോഗാർത്ഥിക്കും സ്വയം അടയാളപ്പെടുത്താനുള്ള ആത്മവിശ്വാസം നൽകുന്നു.** ഈ പത്തു പേരുടെയും അനുഭവങ്ങൾ കേവലം കഥകളല്ല, മറിച്ച് കഠിനാധ്വാനത്തിലൂടെയും കൃത്യമായ ആസൂത്രണത്തിലൂടെയും എങ്ങനെ ലക്ഷ്യത്തിലെത്താം എന്നതിന്റെ തെളിവുകളാണ്.

തയ്യാറെടുപ്പിന്റെ ആദ്യഘട്ടങ്ങളിൽ ഏതൊരു ഉദ്യോഗാർത്ഥിയും ചില സംശയങ്ങളിലൂടെ കടന്നുപോകാറുണ്ട് – 'പരീക്ഷയുടെ സിലബസ് എന്താണ്?', 'പഠനം എങ്ങനെ തുടങ്ങണം?', 'എന്റെ സാഹചര്യത്തിലുള്ളവർക്ക് സിവിൽ സർവീസ് പറ്റുമോ?' എന്നിങ്ങനെ പലവിധ ചോദ്യങ്ങൾ. ഇതിനുള്ള ഉത്തരങ്ങളാണ് ഈ പത്തു പേരുടെ സിവിൽ സർവീസ് യാത്ര.

സിവിൽ സർവീസ് പരീക്ഷയെക്കുറിച്ച് വ്യക്തമായ ഒരു ചിത്രം നൽകുവാനും, പഠനം ആരംഭിക്കുന്നവർക്ക് കൃത്യമായ മാർഗ്ഗനിർദ്ദേശം നൽകുവാനും ഫോർച്യൂൺ ഐ.എ.എസ്. അക്കാദമി (Fortune IAS Academy) തയ്യാറാക്കിയ ഒരു എളിയ പരിശ്രമമാണ് ഈ പുസ്തകം. ചുരുക്കത്തിൽ, തുടക്കക്കാർക്കായി ഒരു വഴികാട്ടി!

സിവിൽ സർവീസിലേക്കുള്ള താങ്കളുടെ യാത്ര സുഗമമാക്കാൻ ഈ ലഘുപുസ്തകം ഉപകരിക്കുമെന്ന് ഞങ്ങൾ പ്രത്യാശിക്കുന്നു.

സസ്നേഹം,

**സൈലേഷ് ഫെർണാണ്ടസ്**
അക്കാദമിക് ഡയറക്ടർ,
ഫോർച്യൂൺ ഐ.എ.എസ്. അക്കാദമി

FORTUNE IAS ACADEMY
MORE THAN JUST AN ACADEMY

# Contents


**Preface** 02

**Message from Chief Advisor T.K.A. Nair IAS (Retd)** 04

**Achievers**

- Sreeja J S (AIR 57) 06
- Sreedhanya Suresh (IAS) 09
- Parvathi Gopakumar (IAS) 11
- Kiran P B (IPS) 13
- Marina Victor (IRS) 15
- Anush R Chandra IRS) 17
- Safna Nazarudeen (IAS) 19
- Devi Nandana (IFS) 21
- Anand Justin (IFoS) 23
- Jayan T (KAS) 25
- സിവിൽ സർവീസ് പഠനത്തിന് ദക്ഷിണേന്ത്യയുടെ ഡൽഹി യായി മാറുന്നുവോ തിരുവനന്തപുരം? 27

**UPSC CSE Exam Details**

1. Is Civil Service Exam only for IAS/IPS? 30
2. Eligibility- Age Criterion 31
3. Eligibility- Educational Qualification 32
4. Number of Attempts 32
5. Examination Cycle 33
6. Examination Structure 3 Stages 33
7. UPSC Syllabus for Prelims 34
8. Trend Analysis Prelims 36
9. Syllabus for Mains 38
10. Mains Exam Pattern 44
11. Personality Test / Interview 45
12. How to choose an Optional Subject 45
13. Importance of Newspaper Reading & How to Read it Properly 46
14. What Skills does UPSC Realy Test 47
15. UPSC Myths 47
16. The Fortune IAS Scholarship : Your Gateway to Success 48
17. Course offered by Fortune IAS Academy 50
18. Optionals offered by Fortune IAS Academy 50
19. Reference Booklist 51
20. Talks by Civill Servants 52

Message from Senior Civil Servant

**TKA Nair (IAS) (Retd)**



സിവിൽ സർവീസ് എന്നത് ഒരു തൊഴിൽ മാത്രമല്ല; അത് രാജ്യത്തിന്റെ ഭരണയന്ത്രത്തെ നയിക്കുന്ന ഒരു ഉത്തരവാദിത്തപരമായ ദൗത്യമാണ്. സമൂഹത്തിലെ മാറ്റങ്ങൾക്ക് ദിശാബോധം നൽകാനും, പൊതുജനങ്ങളുടെ ജീവിതനിലവാരം ഉയർത്താനും സിവിൽ സർവന്റുകൾ നിർണായക പങ്ക് വഹിക്കുന്നു. അതുകൊണ്ടുതന്നെ, ഈ മേഖല യിലേക്കുള്ള ആകർഷണവും മത്സരവും വർഷംതോറും വർധിച്ചുകൊണ്ടിരിക്കുന്നു. ലക്ഷക്കണക്കിന് വിദ്യാർത്ഥികൾ വളരെ കുറച്ച് ഒഴിവുകൾക്കായി മത്സരിക്കുന്ന ഇന്നത്തെ സാഹചര്യത്തിൽ, ഈ പരീക്ഷ വിജയിക്കാൻ കേവലം അറിവ് മാത്രം മതി യാകില്ല; സമഗ്രമായ തയ്യാറെടുപ്പും, വ്യക്തമായ തന്ത്രങ്ങളും, സ്ഥിരതയാർന്ന പരിശ്ര മവും അത്യാവശ്യമാണ്.

ഈ പശ്ചാത്തലത്തിൽ, Fortune IAS Academy തയ്യാറാക്കിയിരിക്കുന്ന ഈ "ബിഗിന്നേഴ്സ് ഗൈഡ്" സിവിൽ സർവീസ് തയ്യാറെടുപ്പ് ആരംഭിക്കുന്നവർക്ക് ഒരു വിശ്വസനീയമായ വഴികാട്ടിയാണ്. പരീക്ഷയുടെ വിശദമായ സിലബസ് ലളിതവും വ്യക്തവുമായ രീതിയിൽ അവതരിപ്പിക്കുന്നതിനൊപ്പം, അടുത്തകാലത്ത് വിജയം നേടിയ ടോപ്പർമാരുടെ പ്രചോ ദനാത്മകമായ യാത്രകളും ഈ ഹാൻഡ്ബുക്കിൽ ഉൾക്കൊള്ളുന്നു. അവരുടെ പരിശ്ര മവും തന്ത്രങ്ങളും നിങ്ങളിൽ ആത്മവിശ്വാസവും ദിശാബോധവും വളർത്തുന്നതിനൊപ്പം, നിങ്ങളുടെ തയ്യാറെടുപ്പിന് ശരിയായ തുടക്കവും ഉറച്ച അടിത്തറയും നൽകും.

ഈ ഗ്രന്ഥത്തിന്റെ ഭാഗമാകാൻ കഴിഞ്ഞതിൽ ഞാൻ അതിയായ സന്തോഷവും അഭിമാനവും അനുഭവിക്കുന്നു. സിവിൽ സർവീസ് ലക്ഷ്യമാക്കുന്ന ഒരാളുടെ അന്തിമ ഉദ്ദേശ്യം സമൂഹസേവനമാകണം; പണം, അധികാരം തുടങ്ങിയവ ഒരിക്കലും അവരുടെ പ്രേരണയായിരിക്കരുത്. ജനങ്ങളോടുള്ള കരുതലും ഉത്തരവാദിത്വബോധവും ആണ് ഒരു സിവിൽ സർവന്റിന്റെ യഥാർത്ഥ ശക്തി. മറ്റുള്ളവരിൽ നിന്ന് പഠിക്കാൻ തയ്യാറായ മനസും, ജനങ്ങളോടുള്ള വിനയവും കരുണയും കൈവശം വെച്ചാൽ മാത്രമേ ഒരു നല്ല ഭരണകർത്താവായി വളരാൻ കഴിയൂ.

കഴിഞ്ഞ വർഷങ്ങളിലായി Fortune IAS Academyയിലെ വിദ്യാർത്ഥികൾ UPSC Civil Services Examination നിൽ നേടിയ അതുല്യമായ വിജയങ്ങൾ എനിക്ക് നേരിട്ട് സാക്ഷ്യം വഹിക്കാൻ കഴിഞ്ഞിട്ടുണ്ട്. അവരുടെ തയ്യാറെടുപ്പിന്റെ ഘട്ടത്തിൽ അവരുമായി സംവദിക്കാനുള്ള അവസരം ലഭിച്ചതും എനിക്ക് വലിയ സന്തോഷം നൽകിയ അനുഭവ മാണ്. രാജ്യത്തിന്റെ ഭാവിയെ കുറിച്ചുള്ള വ്യക്തമായ ദർശനവും ഉണർവ്വും നിറഞ്ഞവ രായിരുന്നു അവർ. അതോടൊപ്പം, അക്കാദമി നൽകിയ മാർഗനിർദ്ദേശങ്ങളും പിന്തുണയ യും സംബന്ധിച്ച് അവർ പ്രകടിപ്പിച്ച നന്ദിയും ആത്മാർത്ഥതയും ഏറെ ശ്രദ്ധേയമായിരുന്നു.

സിവിൽ സർവീസ് പരീക്ഷയെ ചുറ്റിപ്പറ്റി സാധാരണ വിദ്യാർത്ഥികളെ പോലും പിന്നോട്ടടിപ്പിക്കുന്ന നിരവധി തെറ്റിദ്ധാരണകളും മിഥ്യാധാരണകളും നിലനിൽക്കുന്നു. ഈ "ബിഗിന്നേഴ്സ് ഗൈഡ്" ആ മിഥ്യകളെ പൊളിച്ചെഴുതി, പരീക്ഷയെക്കുറിച്ചുള്ള വ്യക്തമായ ധാരണയും ആത്മവിശ്വാസവും വിദ്യാർത്ഥികൾക്ക് നൽകുമെന്ന് ഞാൻ പ്രതീക്ഷിക്കുന്നു. ഇത് അവരുടെ യാത്രയ്ക്ക് ഒരു തെളിഞ്ഞ വഴികാട്ടിയായിത്തീർന്ന്, സ്വപ്നങ്ങളെ യാഥാർത്ഥ്യത്തിലേക്ക് നയിക്കുമെന്ന് വിശ്വസിക്കുന്നു.

രാജ്യത്തെ സേവിക്കാൻ തങ്ങളുടെ ജീവിതം സമർപ്പിക്കാൻ ആഗ്രഹിക്കുന്ന എല്ലാ വിദ്യാർത്ഥികൾക്കും ഹൃദയം നിറഞ്ഞ ആശംസകൾ.

**T. K. A. Nair IAS (Retd)**

**Former principal secretary and Advisor to the Prime minister of India**
Former Chief Secretary of Punjab
Head of Advisory Board, Fortune IAS Academy




TKA Nair, IAS (Retd) felicitating Kasturi Sha who achieved All India Rank 68 in her first attempt. She was a Prelims cum Mains student at Fortune IAS Academy.

# ഇല്ലായ്മകളെ ഇച്ഛാശക്തി കൊണ്ട് മറികടന്ന വിജയം



**ശ്രീജ ജെ. എസ്. AIR 57**

സിവിൽ സർവീസ് എന്ന കഠിനമായ പാതയിൽ സഞ്ചരിക്കുന്ന ഏതൊരു ഉദ്യോഗാർത്ഥിക്കും പകർന്നുനൽകാൻ ശ്രീജ ജെ.എസ്. എന്ന 24 കാരിക്ക് ഒരു വലിയ പാഠപുസ്തകമുണ്ട്. വെറും ഒരു വിജയഗാഥ എന്നതിലുപരി പരിമിതമായ സാഹചര്യങ്ങളിൽ നിന്ന് സ്വപ്നങ്ങളുടെ ആകാശത്തേക്ക് ചിറകടിച്ചുയരാൻ ആഗ്രഹിക്കുന്ന സാധാരണക്കാർക്ക് മുൻപിൽ ഒരു വഴികാട്ടിയായി ശ്രീജ നിൽക്കുന്നു. ആദ്യശ്രമത്തിൽ തന്നെ 57-ാം റാങ്ക് കരസ്ഥമാക്കിയ ശ്രീജയുടെ യാത്ര കേരളത്തിന്റെ മാത്രമല്ല മറിച്ച് കഠിനാധ്വാനം ചെയ്യുന്ന ഓരോ സാധാരണക്കാരന്റെയും വിജയമാണ്. സിവിൽ സർവീസ് എന്ന കഠിനമായ യാത്രയിൽ 'ലക്ഷ്യബോധം' എത്രത്തോളം നിർണായകമാണെന്ന് ശ്രീജയുടെ പഠനമുറി തെളിയിക്കുന്നു. മാനിഫെസ്റ്റേഷൻ (Manifestation) എന്നത് ഒരു അത്ഭുതപ്രവൃത്തിയല്ല, മറിച്ച് മനസ്സിനെ ലക്ഷ്യത്തിലേക്ക് അടുപ്പിക്കാനുള്ള ഒരു മനശാസ്ത്ര ഉപാധിയാണെന്ന് ശ്രീജ തിരിച്ചറിഞ്ഞു. ആദ്യ ശ്രമത്തിൽ തന്നെ 71-ാം റാങ്ക് നേടിയ ഫാബി മാമിന്റെ വാക്കുകളിൽ നിന്ന് പ്രചോദനം ഉൾക്കൊണ്ടാണ് ശ്രീജ തന്റെ പഠനമുറിയിലെ ചുവരുകളിൽ **'Sreeja J S IFS'** എന്ന് കുറിച്ചത്. രസകരമായ വസ്തുത, അവൾ അവിടെ കുറിച്ചത് 'Rank 15' എന്നായിരുന്നു. ആദ്യ പത്തു റാങ്കുകൾ ആഗ്രഹിക്കുന്നത് ഒരുപക്ഷേ 'അഹങ്കാരമായി തോന്നിയേക്കാം എന്ന ചിന്തയും എന്നാൽ '15' എന്നത് നേടിയെടുക്കാൻ കഴിയുന്ന ലക്ഷ്യമാണെന്ന വിശ്വാസവുമാണ് ഇതിനുപിന്നിലെ ലോജിക്. പഠനത്തിനിടയിൽ മടി തോന്നുമ്പോൾ സ്വയം തിരുത്താൻ ആയി 'Get back to study, You lazy buffoon' അവൾ അവളുടെ ചുവരിൽ എഴുതി വച്ചു. **പണിതീരാത്ത വീട്ടിലെ ചുവരുകളിൽ കുറിച്ച സ്വപ്നങ്ങളാണ് ശ്രീജയെ ഇന്ത്യൻ സിവിൽ സർവീസിന്റെ പടിവാതിൽക്കൽ എത്തിച്ചത്.**

തിരുവനന്തപുരം നരുവാമൂട് വെള്ളാപ്പള്ളി രോഹിണി ഭവനിൽ നിർമ്മാണ തൊഴിലാളിയായ ജയകുമാറിന്റെയും ഷീജ കുമാരിയുടെയും മകളായ ശ്രീജ പട്ടം സെന്റ് മേരീസ് എച്ച്.എസ്.എസിൽ നിന്നും പ്രാഥമിക വിദ്യാഭ്യാസം പൂർത്തിയാക്കി. തുടർന്ന് ചെന്നൈ മദ്രാസ് ക്രിസ്ത്യൻ കോളേജിൽ നിന്നും പൊളിറ്റിക്കൽ സയൻസിൽ ബിരുദവും ബിരുദാനന്തര ബിരുദവും നേടുകയും പിന്നീട് സിവിൽ സർവ്വീസ് പരിശീലനത്തിനായി തിരിയുകയും ചെയ്തു. ജീവിതം നൽകിയ പരിമിതികളെ പരാതികളാക്കി മാറ്റാതെ പൊരുതിക്കയറാനുള്ള ഊർജ്ജമാക്കുകയായിരുന്നു ശ്രീജ. പി.ജിക്ക് ശേഷം ഉടൻ തന്നെ അസിസ്റ്റന്റ് പ്രൊഫസർ ആകാനുള്ള നെറ്റ് യോഗ്യത നേടിയെങ്കിലും സുരക്ഷിതമായ ഒരു കരിയർ ഉപേക്ഷിച്ച് തന്റെ സ്വപ്നമായ സിവിൽ സർവ്വീസ് തിരഞ്ഞെടുക്കുകയായിരുന്നു. അത് തികച്ചും ഒരു സാമ്പത്തിക റിസ്ക് ആയിരുന്നു. പക്ഷേ ശ്രീജയുടെ മാതാപിതാക്കൾ അവൾക്ക് നൽകിയത് അതിരുകളില്ലാത്ത പിന്തുണയായി

രുന്നു. മാതാപിതാക്കളുടെ വിശ്വാസം എന്ന ഇന്ധനം കൊണ്ടാണ് അവളുടെ മാനസികവും സാമ്പത്തികവും സാമൂഹികവുമായ വെല്ലുവിളികളെ നേരിട്ടത്. "**മോളേ നിനക്ക് കിട്ടും**" എന്ന് അവരുടെ ലളിതമായ വാചകം അവൾക്ക് നൽകിയത് ഏത് പ്രതിസന്ധിയെയും മറികടക്കാനുള്ള ഊർജ്ജമായിരുന്നു. ഈ ഊർജ്ജത്തിൽ നിന്നാണ് ശ്രീജ ഫോർച്യൂൺ IAS അക്കാദമിയുടെ ക്ലാസുകളിൽ പ്രവേശിച്ചത്. സിവിൽ സർവീസ് പോലുള്ള കടുത്ത മത്സരപരീക്ഷകളിൽ ശരിയായ മെന്റർഷിപ്പും പിന്തുണയും ഉള്ള പഠനാന്തരീക്ഷവും നിർണായക മാണ്. ശ്രീജയുടെ വിജയയാത്രയിൽ ഫോർച്യൂൺ ഐ.എ.എസ്. അക്കാദമി വലിയ പങ്കാണ് വഹിച്ചത്. ഫോർച്യൂൺ ഐ.എ.എസ്. അക്കാദമിയിലെ മെന്റർമാർ നൽകിയ കൃത്യമായ നിർദ്ദേശങ്ങൾ നിർണാ യകമായിരുന്നു. ഓരോ ഘട്ടത്തിലും ഓരോ മെന്റർമാരും അവളുടെ പോരായ്മകളെ തിരുത്തി വിജയത്തിലേക്ക് നയിച്ചു. **തന്റെ വിജയത്തിന് ഏറ്റവും പ്രധാനപ്പെട്ട ഘടകമായത് ഫോർച്യൂൺ ഐ.എ.എസ്. അക്കാദമിയായിരുന്നു എന്ന് ശ്രീജ പറയുന്നു.** 'മെന്റർമാർ' പറയുന്നത് അന്ധമായി വിശ്വ സിക്കുകയും അത് അക്ഷരംപ്രതി നടപ്പിലാക്കുകയും ചെയ്യുക എന്ന ലളിതമായ രീതിയാണ് ശ്രീജ പിന്തുടർന്നത്.

വിജയികൾക്ക് ചെറിയ പരാജയങ്ങൾ പറയാനുണ്ടാകും. ശ്രീജയുടെ യാത്രയും അതിൽ നിന്ന് വ്യത്യസ്തമല്ല. ആദ്യത്തെ CSAT മോക്ക് ടെസ്റ്റുകളിൽ പരാജയപ്പെട്ടതും, മെയിൻസ് ആൻസർ റൈറ്റിംഗിൽ 40-ൽ വെറും 4 മാർക്ക് മാത്രം ലഭിച്ചതും അവളെ തളർത്തിയിരുന്നു. പരീക്ഷ കാലഘട്ടത്തിൽ 3 തവണ പാനിക് അറ്റാക്കുകളും ഉറക്കമില്ലാത്ത രാത്രികളും അവൾക്ക് നേരിടേണ്ടിവന്നു. എന്നാൽ തന്റെ ഉത്തരക്കടലാ സിലെ പോരായ്മകൾക്കിടയിലും അതിലെ "potential" കണ്ടെത്തിയ നിതിൻ സാറിന്റെയും അച്യുത് സാറിന്റെയും വാക്കുകൾ അവൾക്ക് കരുത്തായി. "ഇതിനെ എന്നെ തോൽപ്പിക്കാൻ ഞാൻ അനുവദിക്കില്ല" എന്ന വാശിയാണ് അവളെ മുന്നോട്ട് നയിച്ചത്. ഇതേ ആത്മവിശ്വാസത്തിലാണ് അവൾ UPSC ഇൻറർവ്യൂ എന്ന് അവസാന കടമ്പയിലേക്ക് എത്തിയത്. അനുരാധ മാമിന്റെ ബോർഡ് ആയിരുന്നു ശ്രീജയെ ഇൻറർവ്യൂ ചെയ്തത്. അത് കേവലം ഒരു അറിവ് പരിശോധനയല്ല. മറിച്ച് വ്യക്തിത്വ പരിശോധനയാണ് എന്ന് ശ്രീജ തിരിച്ചറിഞ്ഞു. കേരളത്തിന്റെ ചിപ്സിനെ കുറിച്ചും, വറുക്കുന്ന വെളിച്ചെണ്ണയെ കുറിച്ചും, ക്യൂബൻ മിസൈൽ പ്രതിസന്ധിയെകുറിച്ചും വളരെ രസകരവും സത്യസന്ധവുമായ സംഭാഷണങ്ങളാണ് അവിടെ നടന്നത്. അറിവിനേക്കാളുപരി വ്യക്തിത്വമാണ് അവിടെ അളക്കപ്പെടുന്നത് എന്ന് ശ്രീജയുടെ അനുഭവം കാണിച്ചുതരുന്നു. **ശ്രീജയുടെ വിജയം നമുക്ക് നൽകുന്നത് വലിയൊരു പാഠമാണ്. കഠിനാധ്വാനവും കൃത്യമായ ദിശാബോധവുമുണ്ടെങ്കിൽ നെരുവാമൂടിലെ പണിതീരാത്ത വീട്ടിൽ നിന്ന് ശ്രീജ ഇന്ത്യൻ സിവിൽ സർവ്വീസിലേക്ക് എത്തിയിട്ടുണ്ടെങ്കിൽ അത് നിങ്ങൾക്കും സാധ്യമാകും. നിങ്ങളിലെ പോരാളിയെ ഉണർത്തുക, വിജയം നിങ്ങളെ തേടി വരും!**

**Please Scan QR Code to watch Toppers Talk**

## ശ്രീജ IFS ആയ കഥ






# വയനാടിന്റെ ശ്രീ



## ശ്രീധന്യ സുരേഷ് IAS

ശ്രീധന്യ സുരേഷ് എന്ന പേര് ഇന്ന് ഇന്ത്യൻ സിവിൽ സർവ്വീസ് ചരിത്രത്തിൽ ആത്മവിശ്വാസത്തിന്റെ മറ്റൊരു പേരാണ്. വയനാട്ടിലെ ഒരു സാധാരണ ഗോത്ര കുടുംബത്തിൽ ജനിച്ച ഒരു പെൺകുട്ടി, അനവധി സാമൂഹികവും സാമ്പത്തികവുമായ പ്രതിസന്ധികളെ അതിജീവിച്ച് രാജ്യത്തിന്റെ ഉന്നത ഭരണസേവനത്തിലേക്ക് ഉയർന്ന കഥയാണിത്. വയനാട്ടിലെ ആദിവാസി ഗോത്ര സമൂഹമായ കുറിച്യ വിഭാഗത്തിൽ നിന്ന് സിവിൽ സർവ്വീസ് നേടുന്ന ആദ്യ വ്യക്തിയാണ് ശ്രീധന്യ. **സാധാരണ മലയാളം മീഡിയം സ്കൂളിൽ നിന്നും പഠിച്ച് തികച്ചും പരിമിതമായ സാഹചര്യങ്ങൾക്കിടയിൽ നിന്നും ഐ.എ.എസ് എന്ന സ്വപ്നം കാണുകയും അത് നേടിയെടുക്കുകയും ചെയ്തു.** സാഹചര്യങ്ങൾ എത്ര പ്രതികൂലമാണെങ്കിലും കഠിനാധ്വാനവും അർപ്പണബോധവും ദീർഘവീക്ഷണവും ഉണ്ടെങ്കിൽ ഏതു കൊടുമുടിയും കീഴടക്കാം എന്ന് ശ്രീധന്യ സുരേഷ് തെളിയിച്ചു.

തൊഴിലുറപ്പിന് പോകുന്ന അമ്മ കൂലിപ്പണിക്കാരനായ അച്ഛൻ ചുടുകട്ടകൊണ്ട് പണിത നിലം തേക്കാത്ത കട്ടികുറഞ്ഞ കോൺക്രീറ്റ് വീട്. വരുന്നവർക്ക് ഇരിക്കാൻ പോലുമുള്ള സൗകര്യം ഇവിടില്ല. വൈദ്യുതി കിട്ടിയിട്ട് ഏതാനും വർഷങ്ങൾ മാത്രം. മഴപെയ്താൽ വെള്ളം നിറയുന്ന മുറികൾ, ദുരിതവും കഷ്ടപ്പാടും വേദനയും നിറഞ്ഞു നിൽക്കുന്ന ഈ ചുവരുകളിൽ നിന്നാണ് ദൃഢനിശ്ചയത്തിന്റ പാഠങ്ങൾ ഉൾക്കൊണ്ട് ശ്രീധന്യ വിജയത്തിലേക്ക് നടന്നു നീങ്ങിയത്.

100 രൂപയാണ് വരുമാനം എങ്കിൽ 90 രൂപയും എന്റെ പഠനത്തിന്, 10 രൂപ വീട്ടാവശ്യങ്ങൾക്ക് ഇങ്ങനെയാണ് അച്ഛനും അമ്മയും എന്റെ പഠനത്തിന് മാറ്റിവച്ചത്. **വഴി കാണിക്കാൻ അവരില്ലെങ്കിൽ ഇന്നീ വഴിയുടെ**



**അറ്റത്ത് ഞാൻ എത്തില്ലായിരുന്നുവെന്ന് ശ്രീധന്യ ഓർക്കുന്നു.**

അഞ്ച് വയസ്സു മുതൽ 4 കിലോമീറ്റർ നടന്നാണ് തരിയോട് യു.പി സ്കൂളിൽ പോയി പഠിച്ചത്. എസ്.എസ്.എൽ.സി ക്ക് 85% മാർക്കും പ്ലസ്ടുവിന് ഉയർന്ന മാർക്കും നേടിക്കൊണ്ട് കോഴിക്കോട് ദേവഗിരി കോളേജിൽ നിന്നും സുവോളജിയിൽ ബിരുദമെടുത്തു. തുടർന്ന് കാലിക്കറ്റ് സർവകലാശാലയിൽ നിന്നും സുവോളജിയിൽ ബിരുദാനന്തരബിരുദവും നേടി.

വൈത്തിരിയിൽ ട്രൈബൽ ടൂറിസം ഡെവലപ്മെന്റ് ഓഫീസിൽ ജോലി ചെയ്യുമ്പോൾ ഒരു പരിപാടിക്കായി അന്നത്തെ മാനന്തവാടി സബ് കളക്ടർ ശ്രീറാം സാംബശിവറാവും ഉദ്ഘാടനത്തിനായി എത്തി. അന്നുവരെ കളക്ടറെ നേരിൽ കണ്ടിട്ടില്ലാത്ത ശ്രീധന്യക്ക് സബ്കളക്ടർ കടന്നു വന്നപ്പോൾ ഉദ്യോഗസ്ഥരും സദസ്സും കാണിച്ച ആദരവും ബഹുമാനവും പ്രചോദനമേകി. സിവിൽ സർവീസിലേക്ക് തിരിയാൻ അതൊരു വഴിത്തിരിവാകുകയും ചെയ്തു.

**2017 ൽ FORTUNE IAS ACADEMY യുടെ സ്കോളർഷിപ്പ് വിജയിക്കുകയും അക്കാദമിയോട് ചേർന്ന് നിന്ന് പഠിക്കുകയും ചെയ്തു. "ശ്രീധന്യ ഒരിക്കലും ഫോർച്യൂണിനെ തിരഞ്ഞെടുക്കുകയല്ല, മറിച്ച് ഫോർച്യൂൺ ശ്രീധന്യയെ തിരഞ്ഞെടുക്കുകയായിരുന്നു"** എന്നാണ് ശ്രീധന്യ ഇതിനെക്കുറിച്ച് പറയാറുള്ളത്. പ്രതിബന്ധങ്ങളിലേക്കല്ല, മറിച്ച് പ്രതിബന്ധങ്ങൾക്കപ്പുറമുള്ള ലോകത്തേക്കാണ് നാം നോക്കേണ്ടത് എന്ന് പറഞ്ഞു വെക്കുന്ന ശ്രീധന്യ സുരേഷിന്റെ ജീവിതം നമുക്ക് തുറന്ന പാഠപുസ്തകമാണ്.

**Please Scan QR Code to watch Toppers Talk**

**ശ്രീധന്യ സുരേഷ് IAS ആയ കഥ**

# പരിമിതികളെ മറികടന്ന് ലക്ഷ്യത്തിലേക്ക്



## പാർവതി ഗോപകുമാർ IAS

പാർവതി ഗോപകുമാർ (AIR 282) (IAS) 2023ലെ സിവിൽ സർവീസ് പരീക്ഷയിൽ **282–ാം റാങ്ക് നേടിയ പാർവതി ഗോപകുമാറിന്റെ കേവലം ഒരു ഉന്നത പദവിയിലേക്കുള്ള പ്രവേശനമല്ല.** പ്രതിസന്ധികളെ നിശ്ചയ ദാർഢ്യം കൊണ്ട് അതിജീവിക്കുകയും സ്വന്തം കഴിവിനെ കുറിച്ച് ആഴത്തിലുള്ള ബോധ്യത്തോടെ മുന്നേറുകയും ചെയ്ത ഒരു പെൺകുട്ടിയുടെ ജീവിതവിജയമായിരുന്നു ഇത്. പാർവതിയുടെ ഈ യാത്ര ഒരു റാങ്കിന്റെ മാത്രമല്ല മറിച്ച് ലക്ഷക്കണക്കിന് ഉദ്യോഗാർത്ഥികൾക്ക് പ്രചോദനമാകുന്ന അതിജീവനത്തിന്റെയും, കഠിനാധ്വാനത്തിന്റെയും, തെളിഞ്ഞ കാഴ്ചപ്പാടിന്റെയും പാഠപുസ്തകമാണ്.

ഒരു വ്യക്തിയുടെ സ്വഭാവത്തെയും പ്രതിസന്ധികളെ നേരിടാനുള്ള കഴിവിനെ രൂപപ്പെടുത്തുന്നത് അവർ നേരിടുന്ന വെല്ലുവിളികളാണ്. **പാർവതി തന്റെ ഏഴാം ക്ലാസിൽ പഠിക്കുമ്പോൾ ഒരു മോട്ടോർ വാഹന അപകടത്തിലാണ് തന്റെ വലതു കൈ താഴേക്ക് നഷ്ടപ്പെടുന്നത്. അതുവരെ വലതു കൈകൊണ്ട് എഴുതുകയും മറ്റു കാര്യങ്ങൾ ചെയ്യുകയും ചെയ്ത പാർവതിക്ക് ഒരു സുപ്രഭാതത്തിൽ എല്ലാം ഇടതുകൈയിലേക്ക് മാറ്റേണ്ടി വന്നു.** എന്നാൽ '**പാർവതി ഇതിനെ ഒരു വീരകൃത്യമായി കാണുന്നില്ല. ഇത് ഹീറോയിസം അല്ല, നിർവാഹം ഇല്ലാത്തതു കൊണ്ട് ചെയ്യേണ്ടിവന്ന ഒരു കാര്യമാണ്.**' – പാർവതി പറയുന്നു.

ആലപ്പുഴ ജില്ലയിലെ അമ്പലപ്പുഴ സ്വദേശിയായ പാർവതി ജവഹർ നവോദയ വിദ്യാലയത്തിൽ നിന്നും 10–ാം ക്ലാസും, അമ്പലപ്പുഴ "Model Higher Secondary" സ്കൂളിൽ നിന്ന് മുഴുവൻ മാർക്ക് നേടി കൊണ്ട് "National Law School of India" ൽ നിന്നും നിയമ ബിരുദവും കരസ്ഥമാക്കി. പിന്നീട് സിവിൽ സർവീസിലേക്ക് തിരിയുന്നതിനു മുമ്പ് തനിക്ക് താൽപര്യമുള്ള മൂന്നു വ്യത്യസ്ത മേഖലകളിൽ ഇന്റേൺഷിപ്പ് ചെയ്യുകയും പ്രയോഗിക അറിവ് നേടാനു തീരുമാനിക്കുകയും ചെയ്തു.

1. **വയനാട്ടിലെ ഒരു NGO യുടെ കൂടെ**
2. **ഹൈക്കോടതിയിലെ ഒരു സീനിയർ അഡ്വക്കേറ്റിന്റെ കൂടെ**
3. **ആലപ്പുഴ ജില്ലാ കലക്ടറുടെ കൂടെ**

ഈ മൂന്ന് അനുഭവങ്ങളിൽ നിന്നും, ഒരു ജില്ലാ കലക്ടറിന്റെ ജോലിയാണ് തനിക്ക് വേണ്ടത് എന്ന് മനസ്സിലാക്കി. തന്റെ കഴിവുകൾ ഉപയോഗിച്ച് ഒരു വലിയ വിഭാഗം ജനങ്ങളിലേക്ക് ഒരു ഇംപാക്ട് എത്തിക്കുവാൻ സാധിക്കുന്നത് ഈ ജോലിയിലൂടെയാണ് എന്ന് തിരിച്ചറിഞ്ഞു.

ഒരു സോഷ്യൽ സയൻസ് വിദ്യാർത്ഥി എന്ന നിലയിൽ, വിഷയങ്ങളിലുള്ള അറിവുകൊണ്ടുമാത്രം പരീക്ഷ പാസാകാം എന്നൊരു അമിത ആത്മവിശ്വാസം തുടക്കത്തിൽ പാർവതിക്കുണ്ടായിരുന്നു. എന്നാൽ ആദ്യത്തെ പ്രിലിംസ് പരീക്ഷയിലെ പരാജയം ഒരു വലിയ തിരിച്ചറിവായിരുന്നു. FORTUNE IAS അക്കാദമിയിലെ READING ROOMലെ സുഹൃത്തുക്കളുമായുള്ള ഗ്രൂപ്പ് പഠനം വഴിയാണ് പാർവതിക്ക് prelims വിജയിക്കാനുള്ള തന്ത്രം ചിട്ടപ്പെടുത്തുവാനായത്. മറ്റുള്ളവരെ അന്ധമായി അനുകരിക്കുന്നതിന് പകരം, സ്വന്തം കഴിവും കുറവും മനസ്സിലാക്കി പഠന രീതി ചിട്ടപ്പെടുത്തുക എന്നതായിരുന്നു പാർവതിയുടെ

തന്ത്രം.

**ഫോർച്യൂൺ ഐഎഎസ് അക്കാദമിയിലെ പാർവതിയുടെ മെന്ററുമായിരുന്ന മുനിദർശൻ സർ പാർവതിയുടെ വിജയത്തിൽ വഹിച്ച പങ്ക് വളരെ വലുതായിരുന്നു.** പഠനപരമായ മാർഗനിർദേശങ്ങൾക്കു പുറമേ അദ്ദേഹത്തിന്റെ വ്യക്തിപരമായ ദയയും, കരുതലും പാർവതിക്ക് വലിയ മാനസിക പിന്തുണയായിരുന്നു എന്ന് പാർവതി പറയുന്നു. തുടക്കത്തിൽ എഴുത്തിന്റെ വേഗത കുറവായതിനാൽ 20 ചോദ്യങ്ങളിൽ 9 എണ്ണം മാത്രമേ പാർവതിക്ക് പൂർത്തിയാക്കുവാൻ കഴിഞ്ഞിരുന്നുള്ളൂ. എന്നാൽ ഓരോ തവണയും രണ്ടോ മൂന്നോ ചോദ്യങ്ങൾ കൂടുതൽ എഴുതുമ്പോൾ "**സൂപ്പർ അടിപൊളി**" എന്ന് പറഞ്ഞ് അദ്ദേഹം നൽകിയ പ്രോത്സാഹനം പാർവതിയുടെ ഉള്ളിൽ ആത്മവിശ്വാസം നൽകി.

പരിമിതികൾ ശരീരത്തിനാണെന്നും മനസിനല്ലെന്നും **പാർവതി തന്റെ ജീവിതത്തിലൂടെ തെളിയിച്ചു. നഷ്ടപ്പെട്ട വലതു കൈക്ക് പകരമായി തന്റെ ഇടതു കൈയെ കരുത്തുറ്റ ആയുധമാക്കി മാറ്റിയപ്പോൾ, വിധിക്ക് പോലും നിശ്ചയദാർഢ്യത്തിന് മുന്നിൽ വഴിമാറി കൊടുക്കേണ്ടിവന്നു. സിവിൽ സർവീസ് എന്ന വലിയ ലക്ഷ്യത്തിലെക്കുള്ള ഈ യാത്രയിൽ അവർ തരുന്ന പാഠം ലളിതമാണ്. 'പ്രതിസന്ധികൾ നമ്മെ തളർത്താനല്ല, മറിച്ച് നമ്മുടെ ഉള്ളിലെ യഥാർത്ഥ കരുത്തിനെ പുറത്തുകൊണ്ടു വരാനുള്ള അവസരങ്ങളാണ്.'**




**ജീവിത പരീക്ഷണങ്ങളോട് തോറ്റിട്ടില്ല പിന്നെയല്ലേ IAS പരീക്ഷ**

# ടെക്കിയിൽ നിന്ന് IPS ലേക്ക്



## കിരൺ പി. ബി. IPS

**ജോലിയും പഠനവും ഒരുമിച്ചു കൊണ്ടുപോകുന്നത് ഒരു ബാലി – കേറാമലയാണെന്ന് തോന്നലുണ്ടോ നിങ്ങൾക്ക്?** എന്നാലിവ സാധ്യമാണെന്ന് തന്റെ പഠന മികവുകൊണ്ട് തെളിയിച്ച വ്യക്തിയാണ് കിരൺ പി ബി ഐ.പി.എസ്. ടെക്നോപാർക്കിലെ ഐടി ജോലിയോടൊപ്പം സിവിൽ സർവീസിൽ ഉന്നത വിജയം കരസ്ഥമാക്കി ഉദ്യോഗാർത്ഥികൾക്ക് വഴികാട്ടുകയാണ് കിരൺ.

**അഞ്ചുവർഷം നീണ്ട യാത്ര തുടർച്ചയായ പരാജയങ്ങളുടെ മാത്രം കഥയല്ല, മറിച്ച് ഓരോ തിരിച്ചടിയിൽ നിന്നും പാഠം ഉൾക്കൊണ്ട് നേടിയെടുത്ത അവിസ്മരണീയമായ വിജയത്തിന്റെ നേർസാക്ഷ്യവുമാണ്.**

തിരുവനന്തപുരം സ്വദേശിയായ കിരൺ ട്രിവാൻഡ്രം റെസിഡൻഷ്യൽ സ്കൂളിൽ നിന്ന് പ്രാഥമിക വിദ്യാഭ്യാസം പൂർത്തിയാക്കി. തുടർന്ന് ഗവൺമെന്റ് എൻജിനീയറിങ് Barton hill ൽ നിന്നും Electronic Engineering ൽ ബിദുരവും നേടി. പിന്നീട് 22-ാം വയസ്സിൽ ജോലിയിൽ പ്രവേശിക്കുകയും തുടർച്ചയായി നാലുവർഷം കോർപ്പറേറ്റ് ജീവിതം നയിക്കുകയും ചെയ്തു. അച്ഛൻ നൽകിയ പ്രചോദനത്തിൽ നിന്നും ഊർജ്ജം ഉൾക്കൊണ്ട് ജോലിക്കൊപ്പം തന്നെ സിവിൽ സർവീസ് പഠനവും ആരംഭിച്ചു. **'അച്ഛനാണ് ഇത് Kickoff ചെയ്തതെങ്കിലും മോട്ടിവേഷൻ വരേണ്ടത് സ്വയം ഉള്ളിൽ നിന്നുമാണ്, എന്നാലെ ഒരു തീ കെടാതെ സൂക്ഷിക്കാൻ സാധിക്കുകയുള്ളൂ' എന്ന് കിരൺ സാക്ഷ്യപ്പെടുത്തുന്നു'.**

ജോലിയിലും പഠനത്തിലും ഒരേപോലെ മികവ് പുലർത്താൻ കിരൺ ഉപയോഗിച്ച തന്ത്രങ്ങൾ കിരണിന്റെ വിജയത്തിന് അടിത്തറപാകി. **രാവിലെ 9 മണി മുതൽ 6 മണി വരെ ജോലിക്കായി മാറ്റിവെച്ചു; അതിനു മുമ്പും ശേഷവും ഉള്ള സമയം പഠനത്തിനായി ക്രമീകരിച്ചു. ജീവിതത്തിൽ കുറഞ്ഞ പ്രാധാന്യമുള്ള വിഷയങ്ങളെ തിരിച്ചറിയുകയും അതിനുവേണ്ട സമയം പഠനത്തിലേക്ക് കേന്ദ്രീകരിക്കുകയും, അത് വിജയത്തിലേക്കുള്ള വഴി തെളിയിക്കുകയും ചെയ്തു.**

ജോലിയും പഠനവും ഒരുമിച്ചു കൊണ്ടുപോകുന്ന ഒരാളെന്ന നിലയ്ക്ക് കിരണിന്റെ ശക്തിയും ദൗർബല്യവും മനസ്സിലാക്കി അനുയോജ്യമായ പഠനരീതി തയ്യാറാക്കാൻ Forture IAS Academy യിലെ മുനിദർശൻ സർ സഹായിച്ചു.

ഒരു വ്യക്തിയുടെ അക്കൗണ്ടിൽ നിന്നും ഒറ്റരാത്രികൊണ്ട് പത്ത് ലക്ഷം രൂപ നഷ്ടപ്പെട്ടപ്പോൾ, തന്റെ പരിധിയിൽ നിന്ന് വന്ന പ്രസ്തുത കേസിൽ തന്നെ ഐടി സെക്ടർ ജോലിയിൽ നിന്നും ലഭിച്ച പരിജ്ഞാനവും ഔദ്യോഗിക ജീവിതത്തിൽ നിന്ന് ലഭിച്ച പാഠങ്ങളും അദ്ദേഹം കോർത്തിണക്കി കേസ് തെളിയിച്ചു. സോഫ്റ്റ്‌വെയർ കോഡുകളുടെ ലോകത്ത് നിന്നും നിയമപാലനത്തിന്റെ കർമ്മപഥത്തിലേക്ക് ചുവട് വെച്ച കിരൺ പി.ബി.ഐ.പി.എസിന്റെ യാത്ര ഒരു ആധുനിക പോലീസ് ഉദ്യോഗസ്ഥന്റെ പ്രതീകമാണ്. വെല്ലുവിളികളെ അവസരങ്ങളാക്കി മാറ്റി, സാങ്കേതിക വിദ്യയുടെ സഹായത്തോടെ നാടിന് കാവലാകുന്ന ഈ യുവ ഉദ്യോഗസ്ഥൻ പുതിയ തലമുറയ്ക്ക് ഒരു യഥാർത്ഥ മാതൃകയാണ്.

## CORPORATE ജോലിയിൽ നിന്ന് IPS ലേക്ക് കിരൺ



# അമ്മ എന്ന കരുത്തിൽ നിന്ന് സിവിൽ സർവ്വീസ് എന്ന സ്വപ്നത്തിലേക്ക്



മെറീന വിക്ടർ IRS

വൈവാഹിക ജീവിതത്തിലേക്കോ മാതൃത്വത്തിലേക്കോ പ്രവേശിക്കുന്നതിലൂടെ സ്ത്രീകളുടെ കരിയർ സ്വപ്നങ്ങൾ വികലമാക്കുന്നു എന്ന സ്ഥാപിത ധാരണകളെ മെറീന വിക്ടർ തിരുത്തിക്കുറിച്ചു. 'ഒരു സ്ത്രീയുടെ സ്വപ്നങ്ങളുടെ കാലാവധി നിശ്ചയിക്കുന്നത് ആരാണ്?' എന്ന പ്രസക്തമായ ചോദ്യത്തിനുള്ള ഏറ്റവും ഉജ്ജ്വലമായ ഉദാഹരണമാണ് മെറീന വിക്ടർ IRS.

തിരുവനന്തപുരം സ്വദേശിയായ മെറീന വിക്ടർ VHHS Viraly നിന്നും 90% മാർക്കോടെ പ്രാഥമിക വിദ്യാഭ്യാസം പൂർത്തിയാക്കുകയും തുടർന്ന് ഐസർ പൂനയിൽ നിന്നും ലൈഫ് സയൻസിൽ ബിരുദവും ബിരുദാനന്തരബിരുദവും നേടി, പിന്നീട് PhD ക്ക് ജോയിൻ ചെയ്യുകയും അതിനോടൊപ്പം തന്നെ സിവിൽ സർവീസ് പരീക്ഷയ്ക്ക് തയ്യാറെടുക്കുകയും ചെയ്തു. ഒരു ഘട്ടത്തിൽ സിവിൽ സർവീസ് തയ്യാറെടുപ്പും PhD യും ഒരുമിച്ചു കൊണ്ടുപോവാൻ സാധിക്കില്ല എന്ന് തിരിച്ചറിഞ്ഞതിലൂടെ PhD പാതിവഴിയിൽ ഉപേക്ഷിച്ചു. സിവിൽ സർവീസ് എന്ന സ്വപ്നത്തിലേക്ക് തിരിഞ്ഞു.

ഒരുവശത്ത് മാതൃത്വത്തിന്റെ ഉത്തരവാദിത്തങ്ങളും മറുവശത്ത് സിവിൽ സർവീസ് എന്ന സ്വപ്നവും ഒരുമിച്ച് കൊണ്ടുപോകുന്നതിൽ മാനസികമായും, ശാരീരികമായും ധാരാളം വെല്ലുവിളികൾ നേരിടേണ്ടി വന്നിട്ടുണ്ട്. എങ്കിലും മാതാ പിതാക്കളും ഭർത്താവും നൽകിയ പിന്തുണയാണ് ഈ നേട്ടത്തിന് മുഖ്യപങ്ക് വഹിച്ചത്.

തന്റെ കുട്ടിക്കാലത്ത് കൃഷി വകുപ്പ് ഉദ്യോഗസ്ഥനായ പിതാവിന് സമൂഹത്തിൽ നിന്നും ലഭിക്കുന്ന ബഹുമാനവും ആദരവും കണ്ട് അച്ഛനോട് ചോദിച്ചു 'അച്ഛാ അച്ഛന്റെ മുകളിലുള്ള ഉദ്യോഗസ്ഥൻ ആരാണ്?' 'അച്ഛന്റെ മറുപടി. ഒരു IAS ഉദ്യോഗസ്ഥൻ എന്നായിരുന്നു.' അങ്ങനെയാണ് മെറീന സിവിൽ സർവീസിനെ പറ്റി അറിയുന്നതും തയ്യാറെടുക്കണം എന്ന് ആഗ്രഹിക്കുന്നതും.

**'നിങ്ങൾ ഒരു കാര്യം അതി തീവ്രമായി ആഗ്രഹിച്ചാൽ**
**അത് നിങ്ങൾക്ക് നേടിത്തരാൻ വേണ്ടി ഈ പ്രപഞ്ചം മുഴുവൻ ഗൂഢാലോചന നടത്തും.'**

**– പൗലോ കൊയ്‌ലോ**

2020-കൊറോണ ശരിക്കും മെറീനക്ക് ഒരു അവസരമൊരുക്കുകയായിരുന്നു. സ്കൂൾ ടീച്ചർ ആയിരുന്ന

തന്റെ അമ്മ കൊറോണ മൂലം വീട്ടിൽ തന്നെ ഉള്ളതുകൊണ്ട് തന്റെ മകന്റെ കാര്യങ്ങൾ നോക്കുകയും ഇത് പഠനത്തിൽ കൂടുതൽ സമയം കണ്ടെത്തുവാൻ സഹായിക്കുകയും ചെയ്തു. അതുപോലെതന്നെ ഫോർച്യൂൺ IAS അക്കാദമിയുടെ സ്കോളർഷിപ്പ് പരീക്ഷ വിജയിക്കുകയും തുടർന്ന് ഫോർച്യൂൺ ഓൺലൈൻ ക്ലാസ്സുകളിലൂടെ മെറീന പഠിക്കുകയും ചെയ്തു. മെറീനയെ സംബന്ധിച്ച് ഓൺലൈൻ ക്ലാസുകൾ വളരെ നിർണ്ണായകമായിരുന്നു. കൃത്യമായ മാർഗ്ഗനിർദ്ദേശങ്ങളും മെന്റർ ആയ Anton Sir ന്റെ പിന്തുണയും ഓൺ ലൈനായി ലഭ്യമായത് അവരുടെ തയ്യാറെടുപ്പിന് കൂടുതൽ കരുത്ത് നൽകി. ഇതെല്ലാം കൊണ്ടും പൗലോ കൊയിലയുടെ വാചകങ്ങൾ തന്റെ ജീവിതത്തിൽ സത്യമാണെന്ന് മെറീന പറയുന്നു.



'സ്വപ്നങ്ങൾ പിന്തുടരുന്ന അമ്മ' എന്ന നിലയിൽ മെറീനയുടെ യാത്ര കുടുംബ ഉത്തരവാദിത്വങ്ങളും ഉന്നതമായ കരിയർ ലക്ഷ്യങ്ങളും എങ്ങനെ കോർത്തിണക്കാമെന്നതിന്റെ മികച്ച ദൃഷ്ടാന്തമാണ്. ഈ നേട്ടം ആധുനിക കാലത്തെ സ്ത്രീ മുന്നേറ്റങ്ങളുടെ അടയാളം കൂടിയാണ്.

**PHD വേണ്ടന്ന് വെച്ച് സിവിൽ സർവ്വീസ് നേടാനിറങ്ങി തിരിച്ചൊരു അമ്മ**

# പകൽ ജോലി, രാത്രി പഠനം; അനുഷയെ എത്തിച്ചത് സിവിൽ സർവീസിൽ



അനുഷ ആർ. ചന്ദ്രൻ IRS

വിജയം ഒരിക്കലും സൗകര്യങ്ങളുടെ ഫലമല്ല. അത് സ്വപ്നങ്ങളെ പിടിച്ചു നിർത്തിയ നിശ്ചയദാർഢ്യത്തിന്റെയും പരിമിതികളോട് പൊരുതിയ മനസ്സിന്റെയും സമന്വയമാണ്. മുഴുവൻ സമയവും ജോലിയുടെയും ജീവിത സമ്മർദ്ദങ്ങളുടെയും നടുവിൽ നിന്നുകൊണ്ട് സിവിൽ സർവീസ് എന്ന മഹാസ്വപ്നം യാഥാർത്ഥ്യമാക്കിയ അനുഷ ആർ ചന്ദ്രന്റെ യാത്ര, അതുതന്നെയാണ് നമ്മെ ഓർമ്മിപ്പിക്കുന്നതും. **കാസർഗോഡ് ജില്ലയിലെ ഒരു സാധാരണ കുടുംബ പശ്ചാത്തലത്തിൽ നിന്നും ഉയർന്നുവന്ന അനുഷ, സാമ്പത്തിക പരിമിതികളും, മാനസിക സമ്മർദ്ദങ്ങളും ഒരുമിച്ച് നേരിട്ടുകൊണ്ടാണ് 791–ാം റാങ്കോടെ സിവിൽ സർവീസ് നേടിയത്. അച്ഛനും, അമ്മയും സാധാരണ ദിവസവേതനത്തിന് ജോലിചെയ്യുന്ന ആളുകളായിരുന്നു. ഈ സാഹചര്യത്തിൽ മകളുടെ ഐ.എ.എസ്. എന്ന വലിയ സ്വപ്നം കേട്ടപ്പോൾ അവർക്ക് സന്തോഷത്തേക്കാളുപരി ഭയമാണുണ്ടായത്. അത് മകളുടെ കഴിവിൽ വിശ്വാസമില്ലാഞ്ഞിട്ടായിരുന്നില്ല, മറിച്ച് പത്രങ്ങളിലും ടിവിയിലും കാണുന്ന വിജയികളുടെ ഉന്നത കുടുംബപശ്ചാത്തലം കാണുമ്പോൾ തങ്ങളെക്കൊണ്ട് അത്തരം പിന്തുണ നൽകാൻ സാധിക്കുമോ എന്ന യാഥാർത്ഥ്യ ബോധത്തിൽ നിന്നുള്ള പേടിയായിരുന്നു.**

അനുഷയുടെ സിവിൽ സർവീസ് സ്വപ്നങ്ങൾക്ക് തുടക്കമിട്ടത് ആറാം ക്ലാസിൽ പഠിക്കുമ്പോഴായിരുന്നു. തികച്ചും അപ്രതീക്ഷിതമായി വന്ന രണ്ട് സംഭവങ്ങളാണ് ആ കൊച്ചുമനസ്സിൽ വലിയൊരു ലക്ഷ്യം കുറിച്ചിട്ടത്. ക്ലാസിലെ ഒരധ്യാപകന്റെ വാക്കുകളായിരുന്നു ആദ്യത്തേത്. "**നിങ്ങൾ നന്നായി പഠിക്കുകയാണെങ്കിൽ ഐ.എ.എസ്. ഒക്കെ ആകാൻ സാധിക്കും.**" അദ്ദേഹം പറഞ്ഞപ്പോൾ ഐഎഎസ് എന്ന വാക്ക് അനുഷ ആദ്യമായി കേൾക്കുകയായിരുന്നു. എന്നാൽ ആ സ്വപ്നത്തിന് വ്യക്തമായ മുഖവും ലക്ഷ്യവും നൽകിയത് ഒരു പത്രവാർത്തയായിരുന്നു. കാസർഗോഡിലെ എൻഡോസൾഫാൻ ദുരിത ബാധിതരെ ജില്ലാകളക്ടർ സന്ദർശിക്കുകയും അവരെ സഹായിക്കുകയും ചെയ്യുന്ന ചിത്രം ആ മനസ്സിൽ ആഴത്തിൽ പതിഞ്ഞു.

പത്താം ക്ലാസിൽ എല്ലാ വിഷയങ്ങൾക്കും എ പ്ലസ് നേടിയശേഷം സ്വാഭാവികമായും എല്ലാവരും സയൻസ് തിരഞ്ഞെടുക്കുമെന്ന് പ്രതീക്ഷിച്ചിരുന്ന സമയത്ത്, അനുഷ ഹ്യുമാനിറ്റീസ് തെരഞ്ഞെടുത്തത് ബന്ധുക്കൾക്കും, നാട്ടുകാർക്കും ഒരു ഞെട്ടലായിരുന്നു. **എന്ത് ധൈര്യത്തിലാണ് ഹ്യുമാനിറ്റീസ് എടുക്കുന്നത്?** അതിന് വലിയ ഭാവിയൊന്നുമില്ല എന്നിങ്ങനെയുള്ള സംസാരങ്ങൾ അവളെ സമ്മർദ്ദത്തിലാക്കി. എന്നാൽ, ഈ കാലഘട്ടത്തിൽ അനുഷയ്ക്ക് ഏറ്റവും വലിയ പിന്തുണ നൽകിയത് പ്ലസ്ടു കാലഘട്ടത്തിലെ അധ്യാപകരായിരുന്നു. പ്ലസ്ടുവിനു ഉയർന്ന മാർക്കും നേടിക്കൊണ്ട് തിരുവനന്തപുരം "ഗവൺമെന്റ് കോളേജ് ഫോർ വിമൻസിൽ" നിന്നും ബി.എ. എകണോമിക്സിൽ ബിരുദവും നേടി. തുടർന്ന് തന്റെ **ഒരു അധ്യാപികയുടെ സഹായത്താൽ ഫോർച്യൂൺ ഐ.എ.എസ് അക്കാഡമിയിൽ പഠനമാരംഭിക്കുകയും** ചെയ്തു. പിന്നീട് രാപ്പകലില്ലാതെ പഠനത്തിന്റെ നാളുകളായിരുന്നു.

എങ്കിലും ആദ്യത്തെ പ്രിലിംസ് പരീക്ഷ വിജയിക്കാൻ സാധിച്ചില്ല. **ആദ്യത്തെ പ്രിലിംസ് പരാജയത്തിനു ശേഷമാണ് അനുഷ ജോലിക്ക് ശ്രമിക്കാൻ തീരുമാനിക്കുന്നത്.** ഈ തീരുമാനമാണ് പഠനത്തോടൊപ്പം ജോലി

എന്ന വലിയ വെല്ലുവിളിയിലേക്ക് അവളെ നയിച്ചത്. ജോലി നൽകിയ സാമ്പത്തികഭദ്രത വളരെ വലുതായിരുന്നു. സ്വന്തം പഠനത്തിനും താമസത്തിനും ഭക്ഷണത്തിനുമുള്ള ചെലവുകൾ സ്വയം കണ്ടെത്താൻ സാധിച്ചു. കുടുംബത്തെ ആശ്രയിക്കുന്നതിന്റെ മാനസിക സമ്മർദ്ദം പൂർണമായും ഒഴിവായി. മറുവശത്ത് ജോലി വലിയൊരു പോരാട്ടം തന്നെയായിരുന്നു. **ദിവസേന 8 മണിക്കൂർ ജോലി ചെയ്യുമ്പോൾ പഠനത്തിനായി വളരെ കുറഞ്ഞ സമയമേ ലഭിച്ചിരുന്നുള്ളു. ഇത് കടുത്ത ശാരീരികവും മാനസികവുമായ ക്ഷീണത്തിന് കാരണമായി. രാവിലെ 5 മണിക്ക് എഴുന്നേറ്റ് ഉച്ചയ്ക്ക് 2 മണിക്ക് ജോലി ആരംഭിക്കുന്നത് വരെ തുടർച്ചയായ പഠനത്തിനായി സമയം കണ്ടെത്തി.** ജോലിയിൽ ലഭിക്കുന്ന ചെറിയ ഇടവേളകളിൽ പത്രം വായിക്കാനും കറന്റ് അഫയേഴ്സ് നോക്കാനും ഉപയോഗിച്ചു ആഴ്ചയിൽ ലഭിക്കുന്ന ഒരേയൊരു അവധി ദിവസമായ ഞായറാഴ്ച, പ്രിലിംസ് ടെസ്റ്റ് സീരീസ് ഫോർച്യൂൺ ഐ.എ.എസ്. അക്കാദമിയിൽ നേരിട്ട് ചെന്ന് എഴുതുകയും ചെയ്യുമായിരുന്നു.

പ്രിലിംസിനും മെയിൻസിനും ഫോർച്യൂണിലെ ടെസ്റ്റ് സീരീസുകൾ സ്ഥിരമായി ആശ്രയിച്ചു, പ്രിലിംസിന്, ഓരോ ടെസ്റ്റിന് ശേഷവും ആൻസർ കീ വിശദമായി പഠിച്ച് തനിക്ക് മാർക്ക് കുറഞ്ഞ വിഷയങ്ങൾ എന്തൊക്കെയാണെന്ന് കണ്ടെത്തി അവ വീണ്ടും പഠിച്ചുറപ്പിച്ചും ഫോർച്യൂണർ ഐ.എ.എസ്. അക്കാദമിയിലെ അനുഷയുടെ മെന്ററായ ഫാത്തിമ ഹാരിസ് നൽകിയ എല്ലാ നിർദ്ദേശങ്ങളും ഉൾക്കൊണ്ട് ഉത്തരങ്ങൾ മെച്ചപ്പെടുത്തി. ഇത് തന്റെ വിജയത്തിന് നിർണായകമായി എന്ന് അനുഷ പറയുന്നു. അനുഷ ആർ ചന്ദ്രന്റെ വിജയം പരീക്ഷഫലത്തിലോ റാങ്ക് നമ്പറിലോ ഒതുങ്ങുന്ന കഥയല്ല. അത് "**സൗകര്യങ്ങളിലെങ്കിൽ സ്വപ്നങ്ങൾ ഉപേക്ഷിക്കണം" എന്ന പൊതുധാരണയെ തകർത്തെറിഞ്ഞ ഒരു ജീവിത സാക്ഷ്യമാണ്**, സമയവും സാമ്പത്തിക പരിമിതികളും, മാനസിക സമ്മർദങ്ങളും നിറഞ്ഞ വഴികളിലൂടെ സഞ്ചരിച്ചിട്ടും, ലക്ഷ്യബോധം കൈവിടാതെ മുന്നേറിയ അനുഷയുടെ ആത്മവിശ്വാസത്തിന്റെ പ്രഖ്യാപനമാണ് ഈ സിവിൽ സർവീസ് വിജയം.

**വിയർപ്പ് തുന്നിയിട്ട കുപ്പായം**

# IAS നേടിയ ഏറ്റവും പ്രായം കുറഞ്ഞ മലയാളി



## സഫ്ന നസറുദ്ദീൻ IAS

സിവിൽ സർവീസ് എന്ന സ്വപ്നത്തിലേക്ക് പലരും പതിയെ ചുവട് വയ്ക്കുന്ന പ്രായത്തിൽ, ഇന്ത്യയിലെ ഏറ്റവും കഠിനമായ പരീക്ഷയെ തന്റെ **ആദ്യ ശ്രമത്തിൽ തന്നെ നിഷ്പ്രഭമാക്കിയ പെൺകുട്ടിയാണ് സഫ്ന നസറുദ്ദീൻ.** കഠിനാധ്വാനത്തിന് പ്രായം ഒരു തടസ്സമല്ലെന്ന് തെളിയിച്ച സഫ്ന, **വെറും 23–ാം വയസ്സിൽ അഖിലേന്ത്യ തലത്തിൽ 45–ാം റാങ്ക് നേടിയപ്പോൾ പുതിയൊരു ചരിത്രത്തിന്റെ പിറവിയായി.** വർഷങ്ങളോളം നീളുന്ന കാത്തിരിപ്പും, പരാജയവും ഈ പരീക്ഷയുടെ അഭിവാജ്യ ഘടകമാണെന്ന് പൊതുധാരണയെയാണ് സഫ്ന തന്റെ നിശ്ചയദാർഢ്യം കൊണ്ട് തിരുത്തിക്കുറിച്ചത്. തിരുവനന്തപുരം സ്വദേശിയായ സഫ്ന പേരൂർക്കട കേന്ദ്രീയ വിദ്യാലയത്തിൽ ആയിരുന്നു പത്താം ക്ലാസ് പഠനം പൂർത്തിയാക്കിയത്. മുഴുവൻ വിഷയങ്ങളിലും എ പ്ലസ് കരസ്ഥമാക്കുകയും തുടർന്ന് പാങ്ങോട് കേന്ദ്രീയ വിദ്യാലയത്തിൽ നിന്നും പ്ലസ് ടു ഹുമാനിറ്റീസ് എടുത്ത് പഠിച്ച്, അന്ന് ദേശീയതലത്തിൽ ഒന്നാം റാങ്ക് നേടുകയും ചെയ്തു. പിന്നീട് 2017 ൽ മാർ ഇവാനിയോസ് കോളേജിൽ നിന്ന് ബിഎ ഇക്കണോമിക്സിൽ ഒന്നാം റാങ്ക് നേടുകയും ചെയ്തു. നേട്ടങ്ങളുടെ വഴിയിലെ തിളക്കമുള്ള അധ്യായമായിരുന്നു ഇത്.

ബിരുദപഠനത്തിനുശേഷം സിവിൽ സർവീസ് അല്ലാതെ മറ്റൊരു ലക്ഷ്യം മുന്നിൽ ഉണ്ടായിരുന്നില്ല. **തിരുവനന്തപുരത്തെ ഫോർച്ച്യൂൺ ഐ.എ.എസ് അക്കാദമിയിൽ ആയിരുന്നു സഫ്നയുടെ സിവിൽ സർവീസ് പഠനം. സഫ്നയുടെ യാത്ര തുടങ്ങുന്നത് തന്റെ ലക്ഷ്യത്തെക്കുറിച്ചുള്ള വ്യക്തമായ ധാരണയോടെയ ാണ്.** ലക്ഷക്കണക്കിന് ആളുകൾ മത്സരിക്കുന്ന യു.പി.എസ്.സി പരീക്ഷയിൽ വിജയിക്കാൻ കേവലം പുസ്തക വായന മാത്രം പോരെന്നും, കൃത്യമായ ഒരു 'യുദ്ധതന്ത്രം' (Planning) ആവശ്യമാണെന്നും സഫ്ന തിരിച്ചറിഞ്ഞു. **പരീക്ഷയുടെ യഥാർത്ഥ സ്വഭാവം ഉൾക്കൊള്ളുക എന്നതായിരുന്നു ആദ്യപടി. ഇതിനായി സിവിൽ സർവീസ് പരീക്ഷയുടെ സിലബസ് ആഴത്തിൽ മനസ്സിലാക്കി. എന്താണ് പഠിക്കേണ്ടതെന്നും എവിടെ യാണ് കൂടുതൽ ശ്രദ്ധ കേന്ദ്രീകരിക്കേണ്ടതെന്നും തിരിച്ചറിയാൻ ഇത് സഹായിച്ചു.**

ഒരു സാധാരണ ഉദ്യോഗാർത്ഥിയെ പോലെ സഫ്നയും പത്രം വായനയിൽ നിന്നാണ് തന്റെ ദിനചര്യ ആരംഭിച്ചിരുന്നത് എന്നാൽ ആ വായന വെറും ഒരു വിവരശേഖരണമായിരുന്നില്ല. ഓരോ വാർത്തയും സിലബസിലെ ഏത് ഭാഗമായി ബന്ധിപ്പിക്കാം എന്ന് ചിന്തിച്ചു. **ഫോർച്ച്യൂൺ ഐഎഎസ് അക്കാദമിയിലെ ക്ലാസ്സുകൾക്ക് ശേഷം പഠിച്ച കാര്യങ്ങൾ അന്നേദിവസം തന്നെ റിവിഷൻ ചെയ്യുക എന്ന കർക്കശമായ നിയമം സ്വയം അടിച്ചേൽപ്പിച്ചു.** നാളെ ചെയ്യാം എന്ന ആലസ്യം സഫ്നയുടെ നിഘണ്ടുവിൽ ഉണ്ടായിരുന്നില്ല. വളരെ ചിട്ടയോടെ കൂടിയുള്ള പഠനം സഫ്നയെ സിവിൽ സർവീസിൽ എത്തിച്ചു.

തന്റെ സുഹൃത്തുക്കളും സമപ്രായക്കാരും ജീവിതം ആസ്വദിക്കുമ്പോൾ പുസ്തകങ്ങൾക്കിടയിൽ തന്റെ കൗമാരവും യൗവനവും ഹോമിക്കപ്പെടുകയാണോ എന്ന ചിന്ത ഏതൊരു ഉദ്യോഗാർത്ഥിയെയും പോലെ സഫ്നയെയും അലട്ടിയിരുന്നു. എന്നാൽ ഒരു ലക്ഷ്യം ഉള്ളിൽ ജ്വലിക്കുമ്പോൾ താൽക്കാലികമായ സന്തോ

ഷങ്ങൾ ഉപേക്ഷിക്കാൻ സഫ്നയ്ക്ക് ഒട്ടും മടിയുണ്ടായിരുന്നില്ല.

സിവിൽ സർവീസ് പോലെയുള്ള കടുത്ത മത്സര പരീക്ഷകളിൽ ശരിയായ മെന്റർഷിപ്പും പിന്തുണയും ഉള്ള പഠനാന്തരീക്ഷവും നിർണായകമാണ്. **സഫ്നയുടെ വിജയ യാത്രയിൽ ഫോർച്യൂൺ ഐഎഎസ് അക്കാദമി വലിയ പങ്കാണ് വഹിച്ചത്.** ഉത്തരങ്ങൾക്ക് ലഭിച്ച കൃത്യമായ ഫീഡ്ബാക്കുകൾ സഫ്നയുടെ എഴുത്തിന്റെ ശൈലി മെച്ചപ്പെടുത്താൻ സഹായിച്ചു. ആദ്യ ടെസ്റ്റിൽ ഒമ്പത് ചോദ്യങ്ങൾക്ക് മാത്രം ഉത്തരം എഴുതിയ നിലയിൽ നിന്ന് അവസാന ടെസ്റ്റിൽ 20 ചോദ്യങ്ങൾ വരെ പൂർത്തിയാക്കാൻ കഴിഞ്ഞത് അതിന്റെ തെളിവാണ്. അക്കാദമിയിലെ പിയർ ഇൻറർവ്യൂ പരിശീലനങ്ങൾ പൊതുവേദിയിൽ സംസാരിക്കാനുള്ള ഭയം മറികടക്കാൻ സഹായിച്ചു. **തുടർച്ചയായ മാർഗനിർദ്ദേശവും ആത്മവിശ്വാസം വളർത്തുന്ന പിന്തുണയും നൽകിയ ഫോർച്യൂൺ ഐഎഎസ് അക്കാദമി വിജയത്തിന്റെ ഒരു പ്രധാന ഘടകമായി മാറി എന്ന് സഫ്ന പറയുന്നു.**

സഫ്ന നസറുദ്ദീന്റെ വിജയം ഒരു വ്യക്തിഗത നേട്ടം മാത്രമല്ല സിവിൽ സർവീസ് സ്വപ്നം കാണുന്ന ആയിരങ്ങൾക്കുള്ള ശക്തമായ സന്ദേശമാണ്. വെറും 23-ാം വയസ്സിൽ അതും ആദ്യ ശ്രമത്തിൽ തന്നെ ഇന്ത്യയിലെ ഏറ്റവും കടുത്ത മത്സരപരീക്ഷകളിൽ ഒന്നിൽ **45-ാം റാങ്ക് നേടിക്കൊണ്ട് സിവിൽ സർവീസ് രംഗത്തേക്ക് കടന്നുവരാൻ** സാധിച്ചതാണ് സഫ്നയെ വേറിട്ടുനിർത്തുന്നത്. പ്രായം ഒരു പരിധിയല്ല, ആദ്യ ശ്രമം ഒരു പരീക്ഷണം മാത്രമല്ല എന്ന സത്യം സഫ്ന തന്റെ ജീവിതത്തിലൂടെ തെളിയിച്ചു. കൃത്യമായ ആസൂത്രണം തുടർച്ചയായ പരിശ്രമം ശരിയായ മാർഗ്ഗനിർദേശം അതിലുപരി സ്വന്തം കഴിവിലുള്ള വിശ്വാസം ഇവയെല്ലാം ചേർന്നാണ് സഫ്നയെ നേട്ടത്തിലേക്ക് എത്തിച്ചത്. **അതുകൊണ്ടുതന്നെ ആദ്യ ശ്രമത്തിൽ വിജയം സ്വപ്നം കാണുന്ന യുവ സിവിൽ സർവീസ് ഉദ്യോഗാർത്ഥികൾക്ക് സഫ്നയുടെ കഥ ഒരു പ്രതീക്ഷയുടെ വെളിച്ചവും ധൈര്യത്തോടെ മുന്നോട്ടുപോകാനുള്ള പ്രചോദനവുമാണ്.**

HOW TO SECURE IAS
IN FIRST ATTEMPT

# ജോലി ഉപേക്ഷിച്ച്, FORTUNE സ്കോളർഷിപ്പിലൂടെ IFS ലേക്ക്




**ദേവി നന്ദന** IFS

തിരുവനന്തപുരം സ്വദേശിയായ ദേവി നന്ദനയുടെ സിവിൽ സർവ്വീസ് വിജയം, കൃത്യമായ ആസൂത്രണവും നിശ്ചയദാർഢ്യവും ഒത്തുചേർന്നതായിരുന്നു. പൊതു സേവനത്തിന്റെ പശ്ചാത്തലമുള്ള ഒരു കുടുംബത്തിൽ നിന്നാണ് ദേവി വരുന്നത്. പിതാവ് സെക്രട്ടറിയേറ്റിലെ ഉദ്യോഗസ്ഥനും മാതാവ് എം.ജി. കോളേജിലെ പ്രൊഫസറുമാണ്. സഹോദരി ഇന്ത്യൻ ആർമിയിൽ ഡോക്ടറായി സേവനമനുഷ്ഠിക്കുന്നു. സിവിൽ സർവ്വീസ് എന്നത് ദേവിയുടെ കുട്ടിക്കാലത്തെ സ്വപ്നമായിരുന്നില്ല. NIT കാലിക്കറ്റിൽ നിന്ന് ഇലക്ട്രിക്കൽ എൻജിനിയറിംഗിൽ ബിരുദം നേടിയ ശേഷം "**Deloitte എന്ന പ്രമുഖ കമ്പനിയിൽ പ്രൊഫ ഷണൽ കരിയർ ആരംഭിച്ച ദേവി, തന്റെ സഹപ്രവർത്തകരിൽ നിന്നാണ് സിവിൽ സർവ്വീസ് പരീക്ഷയുടെ സാധ്യതകളെക്കുറിച്ച് അറിയുന്നത്.** സുരക്ഷിതമായ ഒരു ജോലി ഉപേക്ഷിച്ചാണ് സിവിൽ സർവ്വീസിലേക്ക് ഇറങ്ങിയത്.

2018-ലെ ആദ്യ ശ്രമത്തിൽ കേവലം ഒരു മാസത്തെ പഠനംകൊണ്ട് പരീക്ഷയെ നേരിട്ടപ്പോൾ കിട്ടിയ പരാജയം. തന്റെ ഈ മേഖലയിൽ നിലനിൽക്കുന്ന അറിവ് വളരെ കുറവാണെന്ന ബോധ്യം, നീണ്ട ഒരു വർഷം ഗൗരവകരവും ചിട്ടയായതുമായ ഒരു പഠന രീതിയിലേക്ക് ദേവിയെ നയിച്ചു. ഇതിനു ദേവിയെ സഹായിച്ചതും, ദേവിയുടെ സിവിൽ സർവ്വീസ് സ്വപ്നം നേടിയെടുക്കുന്നതിനും പ്രധാന പങ്ക് വഹിച്ചത് ഫോർച്യൂൺ IAS അക്കാദമിയായിരുന്നു. സിവിൽ സർവ്വീസ് പരിശീലനത്തിനായി കുടുംബത്തെ പൂർണമായും ആശ്രയിക്കുന്നത് പലപ്പോഴും ഉദ്യോഗാർത്ഥികളിൽ വലിയ മാനസിക സമ്മർദ്ദമുണ്ടാക്കാറുണ്ട്. ഇത് തിരിച്ചറിഞ്ഞ്, ദേവി പഠനസമയത്ത് സാമ്പത്തികമായി സ്വതന്ത്രയായിരിക്കാൻ ആഗ്രഹിച്ചു. **2018 മെയ് മാസത്തിൽ ഫോർച്യൂൺ അക്കാദമിയുടെ സ്കോളർഷിപ്പ് ടെസ്റ്റിൽ പങ്കെടുത്ത് ഫുൾ സ്കോളർഷിപ്പ് നേടിയത് ദേവിയുടെ വിജയത്തിന് പ്രധാന വഴിത്തിരിവായി.** സാമ്പത്തികമായ ഈ സ്വയംപര്യാപ്തത ഒരു വർഷം പൂർണമായും പഠനത്തിൽ മാത്രം ശ്രദ്ധ കേന്ദ്രീകരിക്കാനുള്ള ആത്മവിശ്വാസം അവൾക്ക് നൽകി. ഒരു ഉദ്യോഗാർത്ഥി നേരിടുന്ന സാമ്പത്തിക ബാധ്യത എന്ന കുറ്റബോധം ഇല്ലാതാക്കാൻ ഈ സ്കോളർഷിപ്പിലൂടെ സഹായിച്ചു എന്ന ദേവിനന്ദന പറയുന്നു.

രാവിലെ ഫോർച്യൂൺ റീഡിംഗ് റൂമിലെ നിശബ്ദമായ പഠനവും, ഉച്ചകഴിഞ്ഞുള്ള വിദഗ്ധരുടെ ക്ലാസ്സുകളും ദേവിനന്ദനയുടെ ദിനചര്യയെ ക്രമപ്പെടുത്തി. **ഫോർച്യൂൺ വീക്കിലി ടെസ്റ്റുകളെ അടിസ്ഥാനമാക്കിയാണ് ദേവി പ്രിലിംസ് തയ്യാറെടുപ്പുകൾ നടത്തിയത്.** NCERT തലത്തിൽ നിന്ന് ആരംഭിച്ച് പടിപടിയായി ഉയർന്ന നിലവാരത്തിലുള്ള ടെസ്റ്റുകളിലേക്ക് അവൾ കടന്നതും Test - Revise - Repeat **എന്ന രീതിയിലൂടെ സിലബസ് ആവർത്തിച്ച് പഠിച്ചതും ആത്മവിശ്വാസം വർദ്ധിപ്പിച്ചു.** മെയിൻസ് പരീഷ സമയത്ത് ഒരു ഉത്തരം എഴുതാൻ 20 മിനിറ്റ് എടുത്തിരുന്ന ദേവി, നിരന്തര പരിശീലനത്തിലൂടെ അത് 7 മിനിറ്റിലേക്ക് എത്തിച്ചു. ഫോർച്യൂണിലെ മുനി സർ, നിതിൻ സർ എന്നിവരുടെ കൃത്യമായ മെന്റർഷിപ്പ് ഉത്തരങ്ങളുടെ ഗുണനിലവാരം ഉയർത്തുന്ന തിൽ വലിയ പങ്ക് വഹിച്ചു.

ജമ്മു കശ്മീർ ചീഫ് സെക്രട്ടറിയായിരുന്ന വ്യക്തി ചെയർമാനായ ബോർഡിന്റെ മുന്നിലാണ് ദേവി ഇന്റർവ്യൂവിന് ചെന്നത്. ഇന്റർവ്യൂവിന്റെ തുടക്കത്തിൽ തന്നെ ചെയർമാൻ ചോദിച്ച ആദ്യത്തെ അഞ്ചോ ആറോ ചോദ്യങ്ങൾക്ക് ഉത്തരം നൽകാൻ ദേവി നന്ദനക്ക് സാധിച്ചില്ല. ഉത്തരങ്ങൾ അറിയാത്ത ചോദ്യങ്ങൾക്ക് '**എനിക്കറിയില്ല**' എന്ന് വിനയത്തോടൊപ്പം ആത്മവിശ്വാസത്തോടെയും പറയാൻ അവൾക്ക് കഴിഞ്ഞു. ഈ മനോധൈര്യമാണ് അവളെ റാങ്ക് പട്ടികയിൽ മുന്നിലെത്തിച്ചത്. 92-ാം റാങ്ക് എന്ന മികച്ച നേട്ടം ദേവി നന്ദനക്ക് ലഭിച്ച കൃത്യമായ ആസൂത്രണത്തിന്റെയും, കഠിനാദ്ധ്വാനത്തിന്റെയും ഫലമാണ്. ദേവി നന്ദനയുടെ ഈ വിജയം കേവലം ഭാഗ്യം കൊണ്ടല്ല മറിച്ച് പരാജയങ്ങളെ വിശകലനം ചെയ്യാനും തിരുത്താനുമുള്ള അവളുടെ കഴിവിന്റെ സാക്ഷ്യപത്രമാണ്. ലക്ഷ്യബോധത്തോടുള്ള പ്രയത്നവും തോൽവികളിൽ നിന്ന് പാഠം ഉൾക്കൊള്ളാനുമുള്ള മനക്കരുത്തുമാണ് ഏതൊരു വിജയത്തിന്റെയും യഥാർത്ഥ രഹസ്യം.



# എട്ട് നിലയിൽ പൊട്ടിയ ഒരു വിജയകഥ



ആനന്ദ് ജസ്റ്റിൻ IFoS

ആനന്ദ് ജസ്റ്റിന്റെ വിജയം വെറുമൊരു റാങ്ക് പട്ടികയിലെ നേട്ടമല്ല, അത് തിരുവനന്തപുരം വലിയതുറയിലെ ഒരു ജനതയുടെ പതിറ്റാണ്ടുകളായുള്ള സാമൂഹിക പരിവർത്തനത്തിന്റെ അടയാളപ്പെടുത്തലാണ്. **തിരുവനന്തപുരം വലിയതുറയിലെ മത്സ്യത്തൊഴിലാളി സമൂഹത്തിൽ നിന്ന് ഇന്ത്യൻ ഫോറസ്റ്റ് സർവീസിലേക്ക് (IFOS) എത്തുന്ന ആദ്യത്തെ വ്യക്തി എന്നത് ചരിത്രപരമായ നേട്ടമാണ്.** ഒരു ഉദ്യോഗാർത്ഥി വിജയിക്കുമ്പോൾ അത് അയാളുടെ മാത്രം നേട്ടമായി മാറുന്നു. എന്നാൽ ആനന്ദിനെപ്പോലെ ഒരു പശ്ചാത്തലത്തിൽ നിന്ന് ഒരാൾ വരുമ്പോൾ അത് ഒരു സമൂഹത്തിന്റെ മുഴുവൻ പ്രതീക്ഷയായി മാറുന്നു. "**എനിക്കു കഴിയുമെങ്കിൽ നിങ്ങൾക്കും കഴിയും**" എന്ന നിശബ്ദമായ സന്ദേശമാണ് ആനന്ദ് നൽകുന്നത്. വലിയതുറയിലെ "റോസ് മിനി കോൺവെന്റ് സ്കൂളിൽ" നിന്ന് 4-ാം ക്ലാസ്സുവരെ പഠിച്ച് അതിനുശേഷം തിരുവനന്തപുരം "സെന്റ് മേരിസ് പട്ടം" സ്കൂളിൽ നിന്നും പ്രാഥമിക വിദ്യാഭ്യാസം പൂർത്തിയാക്കി തിരുവനന്തപുരം യൂണിവേഴ്സിറ്റി കോളേജിൽ നിന്നും ജിയോളജി ബിരുദവും നേടി. തുടർന്ന് 2015 ൽ ആനന്ദ് സിവിൽ സർവീസ് പരീക്ഷ തയ്യാറെടുപ്പുകൾ ആരംഭിച്ചു.

സിവിൽ സർവീസ് പരീക്ഷകളിലെ പരാജയങ്ങൾ ഒരു ഉദ്യോഗാർത്ഥിയെ എങ്ങനെ കൂടുതൽ കരുത്തനാക്കുന്നു എന്നതിന്റെ നേർചിത്രമാണ് ആനന്ദിന്റെ 8 വർഷം നീണ്ട യാത്ര. തിരുവനന്തപുരത്തെ ഫോർച്യൂൺ ഐ.എ.എസ് അക്കാദമിയിൽ എൻവിയോൺമെന്റ് & ഇക്കോളജി അദ്ധ്യാപകനായി പ്രവർത്തിച്ച കാലം, അദ്ദേഹത്തിന്റെ ജീവിതത്തിലെ വഴിത്തിരിവായിരുന്നു. പഠിപ്പിക്കുന്നതിനിടെ പഠനം കൂടുതൽ വ്യക്തമായി. ഒരു Introvert ആയിരുന്ന ആനന്ദ്, പതിയെ ഒരുപാട് സിവിൽ സർവീസ് വിദ്യാർഥികളുടെ മാർഗദർശിയായി മാറി. സംസാരിക്കാൻ പഠിച്ചു. ചോദ്യങ്ങളെ നേരിടാൻ പഠിച്ചു. പരാജയത്തെ ഭയക്കാതിരിക്കാൻ പഠിച്ചു. തന്നെപോലെ സ്വപ്നങ്ങൾ കാണുന്ന, അതേസമയം പരാജയങ്ങളെ ഭയപ്പെടുന്ന പുതിയ ഉദ്യോഗാർഥികൾക്ക് മുന്നിൽ അദ്ദേഹം ഒരു "**വെളിച്ചമായി നിൽക്കുന്നു.**"

"ഞാൻ ഇത് ചെയ്തിട്ടുണ്ടെങ്കിൽ നിങ്ങൾക്കും ഇത് സാധിക്കും" എന്ന് അദ്ദേഹം പറയുമ്പോൾ അതിന് അനുഭവങ്ങളുടെ കരുത്തുണ്ട്. എട്ടു വർഷത്തെ കഠിന പരിശ്രമത്തിനൊടുവിൽ സാമ്പത്തിക-സാമൂഹിക പിന്നോക്കാവസ്ഥ സൃഷ്ടിച്ച വെല്ലുവിളികൾ മറികടന്നാണ് ആനന്ദ് ഈ നേട്ടം സ്വന്തമാക്കിയത്. ഈ നേട്ടത്തിന് പിന്നിൽ മൂന്ന് സ്ത്രീകളുടെ ത്യാഗവും, സ്നേഹവും കൂടിയുണ്ടെന്ന് ആനന്ദ് പറയുന്നു. **അമ്മ, സഹോദരി, ഭാര്യ ഇവരുടെ പങ്ക് വളരെ വലുതായിരുന്നു എന്ന് ആനന്ദ് ചൂണ്ടിക്കാണിക്കുന്നു.** ആനന്ദിന്റെ ഈ യാത്ര ഒട്ടും എളുപ്പമായിരുന്നില്ല. 9 വർഷം നീണ്ട കഷ്ടപ്പാട്, തുടർച്ചയായ പരാജയങ്ങൾ. പക്ഷേ ഓരോ പരാജയത്തിൽ നിന്നും പാഠമുൾക്കൊണ്ട് നേടിയെടുത്ത അവിസ്മരണീയമായ വിജയത്തിന്റെ നേർ സാക്ഷ്യമാണ് ആനന്ദ്.

ഒരു സിവിൽ സർവീസ് ഉദ്യോഗാർഥിയുടെ ജീവിതത്തിൽ പരിശീലന കേന്ദ്രങ്ങൾ വെറും ക്ലാസ് മുറികൾ

മാത്രമായി മാറുന്ന കാഴ്ചയാണ് നാം സാധാരണ കാണാറുള്ളത് എന്നാൽ ആനന്ദിന്റെ വിജയത്തിൽ **'ഫോർച്യൂൺ ഐ.എ.എസ്. അക്കാദമി' വഹിച്ച പങ്ക് ഒരു വിദ്യാലയത്തിന് അപ്പുറമായിരുന്നു. ആനന്ദ് തന്നെ സാക്ഷ്യപ്പെടുത്തുന്നത് പോലെ, അദ്ദേഹത്തിന് അത് "തന്റെ സ്വന്തം വീട്" പോലെയായിരുന്നു.** മത്സരപരീക്ഷകളുടെ ലോകം പലപ്പോഴും രൂക്ഷമായ സമ്മർദ്ദത്തിന്റേതാണ്. അവിടെ റാങ്കുകൾക്ക് മാത്രമാണ് വില. എന്നാൽ പരാജയപ്പെട്ട് നിൽക്കുന്ന ഘട്ടത്തിൽ പോലും ഒരാളെ ചേർത്തുപിടിക്കാൻ ഒരു ഇടമുണ്ടാകുക എന്നത് വലിയ ഒരു ഭാഗ്യമാണ്. ഫോർച്യൂൺ ഐ.എ.എസ്. അക്കാദമിയിലൂടെ തനിക്ക് ആ ഭാഗ്യം കിട്ടിയിരുന്നു എന്ന് ആനന്ദ് പറയുന്നു. "എത്ര പരാജയപ്പെട്ടാലും ഓരോതവണയും എന്നെ സ്വാഗതം ചെയ്യുമെന്ന് എനിക്ക് ഉറപ്പായിരുന്നു ഈ ഉറപ്പാണ് അദ്ദേഹത്തിന് നൽകിയ ഏറ്റവും വലിയ ആയുധം. **പരാജയപ്പെടുമ്പോൾ കുറ്റപ്പെടുത്താത്ത, തളരുമ്പോൾ കൈപിടിച്ചുയർത്തുന്ന അധ്യാപകരും സുഹൃത്തുക്കളും അടങ്ങുന്ന ഒരു "സപ്പോർട്ട് സിസ്റ്റം" ആനന്ദിന് ചുറ്റുമുണ്ടായിരുന്നു.**

സിവിൽ സർവീസ് മോഹിക്കുന്നവർക്കായി ആനന്ദിന്റെ ജീവിതം നൽകുന്ന മൂന്ന് പ്രധാനപാഠങ്ങൾ: 1) Consistency: 2) ശരിയായ അന്തരീക്ഷം: നിങ്ങളെ മാനസികമായി തളർത്തുന്ന ഇടങ്ങളിൽ നിന്നും മാറി, നിങ്ങളെ പ്രോത്സാഹിപ്പിക്കുന്ന, ഒരു കുടുംബം പോലെ കാണുന്ന പഠനാന്തരീക്ഷം തിരഞ്ഞെടുക്കുക. 3) അത്മവിശ്വാസം: ലോകം മുഴുവൻ നിങ്ങളെ സംശയിച്ചാലും നിങ്ങളുടെ ലക്ഷ്യത്തിൽ നിങ്ങൾ ഉറച്ചു നിൽക്കുക. ആനന്ദ് ജസ്റ്റിന്റെ കഥ അവസാനിക്കുന്നില്ല. അത് ഓരോ സിവിൽ സർവ്വീസ് മോഹവുമായി ഇറങ്ങിത്തിരിക്കുന്ന ആയിരക്കണക്കിന് യുവാക്കളിലൂടെ തുടരുകയാണ്. റാങ്ക് ലിസ്റ്റിൽ നിങ്ങളുടെ പേരും വരണമെങ്കിൽ, ആനന്ദിനെ പോലെ വീഴ്ചകളെ പ്രണയിക്കുക, കാരണം ഓരോ വീഴ്ചയും നിങ്ങളെ വിജയത്തിലേക്ക് ഒരുപടികൂടി അടുപ്പിക്കുകയാണ് ചെയ്യുന്നത്. ആനന്ദിന്റെ ഈ യാത്ര നമുക്ക് നൽകുന്ന സന്ദേശം ലളിതമാണ്. "ലക്ഷ്യം വലുതാണെങ്കിൽ, യാത്ര കഠിനമായിരിക്കും. പക്ഷേ പരിശ്രമം തുടർന്നാൽ ലക്ഷ്യത്തിൽ എത്തുക തന്നെ ചെയ്യും".



# ഞാനല്ല അച്ഛനാണ് KAS നേടിയത്



**ജയൻ റ്റി.** KAS

